'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ആലപ്പുഴ ജില്ലാ മിഷൻ- ശ്രീമതി. ഗ്രേസി.പി.എ-യുടെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഐ.എ)വകുപ്പ്

**സ.ഉ.(സാധാ) നം.2711/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/11/2019

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ഫിൻ.നം. സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി)നം.580/2013/ഫിൻ.

3 27.02.2017 തീയതിയിലെ സ.ഉ(സാധാ)നം.546 /20107/തസ്വഭവ.

4 17.03.2018 തീയതിയിലെ സ.ഉ(സാധാ)നം.730/2018/തസ്വഭവ.

5 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.03.2019 തീയതിയിലെ 2371/ഇ1/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

തിരുവനന്തപുരം സ്റ്റേഷനറി കൺട്രോളർ ഓഫീസിലെ എൽ.ഡി.ടൈപ്പിസ്റ്റായ ശ്രീമതി. ഗ്രേസി.പി.എ-യെ കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷൻ ഓഫീസിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3) ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം(4),പ്രകാരം ടിയാളുടെ അന്യത്രസേവനം 28/02/2019 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

(2) ടിയാളുടെ അന്യത്രസേവന കാലാവധി 28/02/2019-ൽ അവസാനിച്ച സാഹചര്യത്തിൽ 01/03/2019 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (5)-ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം സ്റ്റേഷനറി കൺട്രോളർ ഓഫീസിലെ എൽ.ഡി.ടൈപ്പിസ്റ്റായ ശ്രീമതി. ഗ്രേസി.പി.എ-യുടെ കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ (140 സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 01/03/2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നന്ദന ആർ പി**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിക്ക് (കൺട്രോളർ ഓഫ് സ്റ്റേഷനറി മുഖേന)

കൺട്രോളർ ഓഫ് സ്റ്റേഷനറീസ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ